# വേർപാട്

**അടിസ്ഥാന ഉപദേശങ്ങൾക്കും വേർപാടു സത്യങ്ങൾക്കുമായി നിലകൊള്ളുന്ന**

**ഒരു ബ്രദറൺ പ്രസിദ്ധീകരണം**




**Volume- V**

# വേർപാട്

അടിസ്ഥാന ഉപദേശങ്ങൾക്കും വേർപാടു സത്യങ്ങൾക്കുമായി നിലകൊള്ളുന്ന ഒരു ബ്രദറൺ പ്രസിദ്ധീകരണം

Volume V



## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ

**ഡോ. ജോൺസൺ സി. ഫിലിപ്പ്**

മാനേജിംഗ് എഡിറ്റർ

**ഡോ. സനീഷ് ചെറിയാൻ**

ഡിസൈൻ & ലേ ഔട്ട്

**ലോഗോസ് മീഡിയ**


## ഉള്ളടക്കം


പ്രാണിക് ഹീലിങ്ങ് ദൈവീകമോ? 03
- ഡോ. ജോൺസൺ സി. ഫിലിപ്പ്

സോപ്പ് സൂപ്പ് സാൽവേഷൻ 06
- ഇ. പി. വർഗ്ഗീസ്

സഭയും ശിക്ഷണക്രമവും 08
- ഡോ. സനീഷ് ചെറിയാൻ

എനിക്ക് ജീവിക്കുന്നതു ക്രിസ്തു 10
- മിസസ് ബേബി കുര്യാക്കോസ്

വിവേകമുള്ള ഹൃദയം (കഥ) 12



ഈ പ്രസിദ്ധീകരണത്തിന്റെ എല്ലാ വാല്യങ്ങളും ലഭിക്കുന്നതിന് സന്ദർശിക്കുക
http://FreeEbooks.itz4u.com
www.BrethrenAssembly.com


## എഡിറ്റോറിയൽ

### ഓരോരുത്തനും താന്താന്നു ബോധിച്ചതു പോലെയോ ?

അബ്രഹാമിനു ലഭിച്ച ദൈവവിളി വേർപെട്ടു ജീവിക്കാനുള്ളതായിരുന്നു. വിഗ്രഹാരാധികളുടെ ഇടയിൽനിന്നും വേർപെട്ട് സത്യദൈവത്തെ ആരാധിക്കുവാനും സേവിക്കാനുമുള്ള വിളി. അബ്രഹാം ആ വിളി പൂർണ്ണമായി അനുസരിച്ചു. തനിക്കു ലഭിച്ച വാഗ്ദത്ത സന്തതി പരമ്പരകളാണല്ലോ ഇസ്രായേൽ. ദൈവവചനവും ദൈവിക നടത്തിപ്പും അടുത്തറിഞ്ഞ്, ലോകത്ത് സവിശേഷ ജീവിതരീതികളോടെ വർദ്ധിച്ചുവന്ന ഇസ്രായേൽ ന്യായാധിപന്മാരുടെ കാലമായപ്പോഴേയ്ക്കും ദൈവത്തെ വിട്ടു തങ്ങൾക്കു ബോധിച്ചതു പോലെ നടക്കുന്ന സ്ഥിതിയിലായി (ന്യായാ. 21:25). ഇസ്രായേൽ നേതാക്കന്മാർ അതനുവദിച്ചു നൽകുകയും ചെയ്തു. ദൈവത്തിനോ ദൈവവചനത്തിനോ വേർപാടിനോ യാതൊരു സ്ഥാനവും അവർ നൽകിയില്ല.

ക്രിസ്തീയ വിശ്വാസം കാത്തു സൂക്ഷിക്കുന്നതിനും വേർപെട്ട ജീവിതത്തിനും കേളികേട്ട വേർപാടുകാരുടെയും സ്ഥിതി ഇതിനു സമാനമായിക്കൊണ്ടിരിക്കുന്നില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. എന്തും പഠിപ്പിക്കാനും എങ്ങനെയും ജീവിക്കാമെന്നുമുള്ള സ്ഥിതിയിലേക്ക് കാര്യങ്ങൾ മാറിക്കൊണ്ടിരിക്കുന്നതായി കാണുന്നു. വേർപാടു സഭകളെ നേരായ പാതയിൽ നയിക്കേണ്ട ശുശ്രൂഷകന്മാരിൽ ചിലർ പറയുന്നതു ഉപദേശ വിഷയത്തിലും വേർപാടിലും കടുംപിടുത്തം ആവശ്യമില്ലെന്നത്രേ. വ്യതിചലിക്കപ്പെട്ട ഉപദേശങ്ങൾ പഠിപ്പിക്കുന്നവർ പഠിപ്പിക്കട്ടെ എന്നും വിശ്വാസികൾ ഇഷ്ടമുള്ളത് തിരഞ്ഞെടുക്കട്ടെ എന്നും പറയുന്ന ഉപദേഷ്ടാക്കന്മാരുടെ എണ്ണവും പെരുകി വരുന്നു. തന്മൂലം ത്രിത്വനിഷേധികൾക്കും, ഏതു വിചിത്ര ഉപദേശവുമായി രംഗപ്രവേശം ചെയ്യുന്നവർക്കും വിളനിലമായി ബ്രദറൺ സഭകളിൽ ചിലതു മാറുന്നു എന്നതു അപലപനീയമാണ്. ആരെയും വെറുപ്പിക്കണ്ട എന്ന മനോഭാവത്തിന്റെ തിക്തഫലം വെളിപ്പെട്ടു തുടങ്ങിയിരിക്കുന്നു.

ഓരോരുത്തനും താന്താന്നു ബോധിച്ചതു പോലെ എന്ന സ്ഥിതിക്ക് മാറ്റം വരണം. വചനവിരുദ്ധ ഉപദേശങ്ങൾക്ക് വിലക്കേർപ്പെടുത്തണം. എന്തും പഠിപ്പിക്കട്ടെ എന്ന മനോഭാവം വിട്ട് ശുശ്രൂഷകർ വേർപാടു സത്യങ്ങളോടും അടിസ്ഥാന ഉപദേശങ്ങളോടും കൂറു പുലർത്തണം. തർജ്ജനം ചെയ്യുവാനും ശാസിക്കാനുമുള്ള പ്രാപ്തി നേടണം, അതിനു മനസ്സ് വെയ്ക്കണം (2 തിമോ:4:2).

വേർപാട് പിതാക്കന്മാരുടെ പ്രത്യേകത, അവർ പുരുഷത്വമുള്ള ശുശ്രൂഷകരായിരുന്നു എന്നതാണ്. അതാണ് നമ്മുടെ പൈതൃകം. ഉപദേശം പഠിപ്പിക്കുന്നതിലും വേർപാട് സത്യങ്ങൾക്കായി നിലകൊള്ളുന്നതിലും സഭാശുശ്രൂഷകരും ഉപദേഷ്ടാക്കന്മാരും പുരുഷത്വം കാണിക്കുന്നില്ല എങ്കിൽ ന്യായാധിപന്മാരുടെ കാലത്ത് സംഭവിച്ചതു തന്നെ വേർപാട് സഭകൾക്കും സംഭവിക്കും. (എസ്.സി.)

ഡോ. ജോൺസൺ സി. ഫിലിപ്പ്

# പ്രാണിക് ഹീലിങ്ങ് ദൈവികമോ?




പ്രാണിക് ഹീലിങ്ങെന്നു പറയപ്പെടുന്ന ഒരു ചികിത്സാ സമ്പ്രദായം ചില വർഷങ്ങൾക്കുമുമ്പ് നമ്മുടെ സഭകളിൽ വളരെയധികം വ്യാപിച്ചിരുന്നു. ഇന്നും അതിന്റെ അലയടികൾ തുടരുന്നു. ബ്രദറൺ വിശ്വാസികളിൽ ചിലരും നമ്മുടയൊരു മാസികയുമാണ് ഈ പ്രസ്ഥാനത്തെ നമ്മുടെയിടയിൽ പ്രചരിപ്പിച്ചത്.

പ്രാണിക് ഹീലിങ്ങ് നമ്മുടെ സഭകളിൽ പ്രവേശിച്ച കാലം മുതൽ തന്നേ അത് ദൈവീകമോ ശാസ്ത്രീയമോ അല്ലെന്ന് ബൈബിൾ പഠിതാക്കൾക്ക് തോന്നി തുടങ്ങിയിരുന്നു. എന്നാൽ ആ ചികിത്സാരീതിയുടെ അടിസ്ഥാന ഗ്രന്ഥങ്ങൾ കൈവശമുള്ള നമ്മുടെ സഹോദരന്മാർ അവ പരിശോധനയ്ക്കുവേണ്ടി നമ്മുടെയിടയിലുള്ള ഗവേഷകർക്കു നൽകാത്തതിനാൽ, ഈ വിഷയം സംബന്ധിച്ച് ഒരു ആധികാരിക പ്രസ്താവന പുറപ്പെടുവിക്കുവാൻ കുറേ താമസം നേരിട്ടു. അങ്ങനിരിക്കവെയാണ് ഇന്റർനെറ്റിലൂടെയും പല വഴികളിൽകൂടിയും വിവരങ്ങൾ ശേഖരിച്ച് ഒരു ലേഖനപരമ്പര വേർപാട് വിശ്വാസികൾക്കുവേണ്ടി ഈ ലേഖകൻ സുവിശേഷധ്വനിയിൽ പ്രസിദ്ധീകരിച്ചത്. അതോടെ ഈ പ്രസ്ഥാനം നമ്മുടെ സഭകളിൽനിന്നു പുറംതള്ളപ്പെട്ടെങ്കിലും, കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ സഹോദരന്മാർ ആശയതലത്തിൽ നടത്തിയ അട്ടിമറിയുടെ പ്രത്യാഘാതങ്ങൾ വിശ്വാസികളുടെ ജീവിതങ്ങളിൽ ഇന്നും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. എനിക്കു ലഭിച്ച ഒരെഴുത്തിൽ നിന്നുള്ള ചില വാചകങ്ങൾ സംക്ഷിപ്തമായി ചേർക്കുന്നു.

“ചില വർഷങ്ങൾക്കുമുമ്പ് നമ്മുടെ ഒരു സുവിശേഷകന്റെ പ്രേരണയാൽ എന്റെ കുടുംബത്തിലെ പലർ ഈ വിദ്യ പഠിച്ചു. പഠിക്കാൻ പോയ ഞങ്ങൾ അവിടെ ചെന്നപ്പോൾ ആ സുവിശേഷകനും അവിടെയുണ്ടായിരുന്നു. താൻ ഈ വിഷയത്തെക്കുറിച്ചു തിരുവെഴുത്തിന്റെ നാമത്തിൽ മോഹനമായ അവതരണം

ശേഷം പേജ് 5 ൽ

# വേർപാട്: നിസ്തുല്യതയും സവിശേഷതകളും പ്രകാശനം ചെയ്തു




**ഡോ. ജോൺസൺ സി. ഫിലിപ്പും ഡോ. സനീഷ് ചെറിയാനും ചേർന്ന് എഴുതിയ വേർപാട്: നിസ്തുല്യതയും സവിശേഷതകളും എന്ന പുസ്തകം 2011 ഓഗസ്റ്റ് 7ന് കല്ലിശ്ശേരി ബി.ബി.സി. ഓഡിറ്റോറിയത്തിൽ വച്ച് ബ്ര. പി. ഇ. സാംകുട്ടി, ബ്ര. കോശി അലക്സാണ്ടർക്ക് നൽകി പ്രകാശനം ചെയ്തു.**

## വേർപാട് ഒരു ജീവിതദർശനം

**പി. ഇ. സാംകുട്ടി**

ബ്രദറൺ പ്രസ്ഥാനത്തിന്റെ ആരംഭകാല പേര് വേർപാട് എന്നായിരുന്നു. വാസ്തവത്തിൽ വേർപാട് എന്നതു ഒരു ജീവിതദർശനവും ജീവിതചര്യയും അനുഭവവുമാണ്. വേർപാടിന്റെ അനുഭവത്തിൽ നിന്നും വ്യതിചലിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നാം വേർപാട് എന്തെന്നും വേർപാട് സഭകളുടെ അടിസ്ഥാന ദർശനങ്ങളും സവിശേഷതകളും എന്തെന്നും അറിഞ്ഞിരിക്കേണ്ടതുണ്ട്. ഈ വിഷയത്തിൽ വ്യക്തമായ ഉൾക്കാഴ്ച നൽകുന്ന ഗ്രന്ഥമാണ് വേർപാട് – നിസ്തുല്യതയും സവിശേഷതകളും എന്ന പേരിൽ ഡോ. ജോൺസൺ സി ഫിലിപ്പും ഡോ. സനീഷ് ചെറിയാനും ചേർന്നു എഴുതിയ പുസ്തകം. ബി.ടി.സി.യുടെ ഉൽഘാടന സമ്മേളനത്തിൽ പ്രസ്തുത പുസ്തകം പ്രകാശനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഈ പുസ്തകം കാലഘട്ടത്തിന്റെ ആവശ്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## വേർപാടും വിശുദ്ധിയും ദൈവജനത്തിന്റെ ശക്തി

**കോശി അലക്സാണ്ടർ**

വേർപാടും വിശുദ്ധിയും ദൈവജനത്തിന്റെ കൈക്കരുത്താണ്. ഇവ കൈമോശം വരുമ്പോൾ സ്ഥലംസഭകൾ ശിഥിലമാകയും ദൈവനാമം ദുഷിക്കപ്പെടുകയും ചെയ്യും. വേർപാട് എന്തെന്നു അറിയേണ്ടതു ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. വേർപാട് സഭകളുടെ സവിശേഷതകളെ ക്രോഡീകരിക്കുവാൻ ഗ്രന്ഥകർത്താക്കൾക്കുള്ള കഴിവ് മികവുറ്റതാണ്. ആധുനിക മനുഷ്യന്റെ തിരക്കു പിടിച്ച ജീവിതചര്യയിൽ ഒരു ചായ കുടിക്കുന്ന സമയംകൊണ്ട് ഈ പുസ്തകം ഒരു പ്രാവശ്യം വായിച്ചു തീർക്കാൻ സാധിക്കും. മൂന്നു പ്രാവശ്യം ഈ പുസ്തകം വായിച്ചാൽ വേർപാടിന്റെ മഹത്വം പ്രവാഹമായി വെളിപ്പെട്ടു വരും എന്നും അദ്ദേഹം പറഞ്ഞു.

*പ്രാണിക് ഹീലിങ്ങ് 2-ാം പേജിൽ നിന്ന്*

നടത്തി. അതോടെ ഇതു ദൈവീകമാണെന്നു കരുതി ഞങ്ങൾ അതു പഠിച്ചു. താങ്കളുടെ സുവിശേഷധ്വനിയിലെ ലേഖനങ്ങൾ വായിച്ചിട്ടും ചില സംശയങ്ങൾ ബാക്കി കിടന്നു. എന്നാൽ താങ്കളുടെ ഇംഗ്ലീഷ് പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതനുസരിച്ചു ഞങ്ങളുടെ പാഠപുസ്തകത്തിലെ ചില പേജുകൾ പരിശോധിച്ചതോടെ ഇത് പൂർണ്ണമായും ദൈവീകമല്ലെന്നു മനസ്സിലായി. ഇതിനുമുമ്പ് ഞങ്ങൾ പാഠപുസ്തകത്തിലെ ഈ പേജുകൾ ശ്രദ്ധിച്ചില്ലായിരുന്നു."

നമ്മുടെ പല വിശ്വാസികളും ഈ രീതിയിൽ വശീകരിക്കപ്പെട്ടിട്ടുണ്ട്. അവരിൽ പലരും സത്യം അറിയുവാനാഗ്രഹിക്കുന്നു. അവരെ വശീകരിച്ച നമ്മുടെ സഹോദരങ്ങൾ വിഷയത്തിന്റെ ഒരു വശം മാത്രമേ അവർക്കു കാണിച്ചു കൊടുത്തിട്ടുള്ളൂ. വിശ്വാസികൾ പൂർണ്ണ സത്യം അറിയുവാൻ ഈ ലേഖനം സഹായിക്കുമെന്നു വിശ്വസിക്കുന്നു.

## അല്പം ചരിത്രം

കരചലനത്തിൽ കൂടെ, അടുത്തു നില്ക്കുന്ന മനുഷ്യരുടെ ശരീരങ്ങളിൽ പല രീതിയിലുള്ള പ്രഭാവം സൃഷ്ടിക്കുവാനുള്ള കഴിവ് 5000 വർഷങ്ങൾക്കുമുമ്പ് തന്നേ ഭാരതത്തിലെ മാന്ത്രികന്മാരും താന്ത്രികന്മാരും കരസ്ഥമാക്കിയിരുന്നു. ഹഠയോഗികളും ഈ കഴിവ് ഉപയോഗിച്ചിരുന്നു. ഈ അതിഭൗതികശക്തിയുടെ മറ്റൊരു രൂപമാണ് വിരൽ ചൂണ്ടി മനുഷ്യരെ മരവിപ്പിക്കുന്ന വിദ്യയായ ചൂണ്ടുമർമ്മം.

ആയിരക്കണക്കിനു വർഷങ്ങൾ ഇതൊരു രഹസ്യവിദ്യയായിട്ടു ഭാരതത്തിൽ തന്നെ നിന്നു. ക്രിസ്തുവിനു ഏകദേശം ആയിരം വർഷങ്ങൾക്കുമുമ്പ് ഈജിപ്റ്റിലെ ചില മന്ത്ര വാദികൾ ഈ വിദ്യ പഠിച്ച് ഈ ശക്തി കരസ്ഥമാക്കി. അവിടുന്ന് ഈജിപ്ഷ്യൻ 'കബാലാ' മാന്ത്രികന്മാർ ഈ വിദ്യ പഠിക്കുകയും ഇതിനെ കബാലാ, മന്ത്രവാദവുമായി യോജിപ്പിക്കുകയും ചെയ്തു. കഴിഞ്ഞ നൂറ്റാണ്ടിൽ അവരിൽ നിന്ന് ഈ രഹസ്യ വിദ്യ റോസിക്രൂഷിയൻ മന്ത്രവാദികൾ പഠിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു.



ചവോ കോക് സൂയി

സാത്താനെ ദൈവമായിട്ട് അംഗീകരിച്ച ആലീസ് ബെയ്ലിയുടെ "ലൂസിഫർ ട്രസ്റ്റിൽ" കൂടെ ഇങ്ങനെയുള്ള പല സാത്താന്യ രഹസ്യ വിദ്യകളും മാന്ത്രികവിദ്യകളും പാശ്ചാത്യ രാജ്യങ്ങളിൽ പൊതുജനങ്ങളുടെയിടയിൽ വ്യാപിച്ചു. തത്ഫലമായി, അറുപതുകളിൽ തുടങ്ങി ഈ രാജ്യങ്ങളിൽ പലരും പല രീതിയിലുള്ള 'കരചലന ചികിത്സാ' സമ്പ്രദായങ്ങൾ വികസിപ്പിച്ചെടുത്തു. അമേരിക്കയിലും യൂറോപ്പിലും പല കമ്മ്യൂണിസ്റ്റു രാജ്യങ്ങളിലും "കര-ചികിത്സ" സമ്പ്രദായവും "സ്പർശ ചികിത്സ" സമ്പ്രദായവും വളരെ വ്യാപിച്ചു. ഈ പ്രതിഭാസം ചോവ കോക് സൂയിയെന്നു പേരുള്ള ഒരു ഫിലിപ്പിയൻസുകാരനെ വളരെയധികം ആകർഷിച്ചു. ("പ്രാണിക് ഹീലിങ്ങിന്റെ പ്രാചീനശാസ്ത്രവും വിദ്യയും" - The Ancient Science and Art of Pranic Healing എന്നു പേരുള്ള സൂയിയുടെ ഗ്രന്ഥത്തിൽ ഇക്കാര്യം

ശേഷം പേജ് 13ൽ

ഇ. പി. വർഗ്ഗീസ്

പൂർവ്വകാല സ്മരണകൾ

# സോപ്പ് സൂപ്പ് സാൽവേഷൻ

(തുടർച്ച – 5)

ഈ മിഷനറിമാരുടെയും അബ്രഹാം നമ്പി ഉപദേശിയുടെയും പ്രവർത്തനങ്ങൾ, അടിമകളായിരുന്ന പുലയരിൽ എല്ലാ വിധത്തിലും ഒരു പുതുജീവൻ തന്നെ പകർന്നു എന്നു പറയണം. പെരുവഴിയിൽക്കൂടി പുലയർ നടക്കുമ്പോൾ അവർ ഒരു അരിക് മാറിയേ നടക്കുമായിരുന്നുള്ളൂ. മാത്രമല്ല, 'ഓയി' എന്നൊരു ശബ്ദം അവർ ഇടയ്ക്കിടെ പുറപ്പെടുവിച്ചു കൊണ്ടിരുന്നു. തലയിൽ കുടുമ്മിയുള്ള ആരെയെങ്കിലും ദൂരെക്കണ്ടാൽ 'ഓയി' ശബ്ദം ഉച്ചത്തിൽ വിളിച്ചു പറയണം. അതിനു മറുപടിയായി കുടുമ്മിക്കാരൻ, അഥവാ സവർണ്ണ ഹിന്ദു 'മാറെടാ' എന്ന് ഉഗ്രസ്വരത്തിൽ വിളിച്ചുപറയും. 'ഓയി' എന്നത് തീണ്ടൽ ജാതിക്കാരൻ വരുന്നു എന്നറിയിക്കാനുള്ള സാങ്കേതിക ശബ്ദമാണ്. ലേവി 13:45-ൽ, ഒരു കുഷ്ഠരോഗി അധരം മൂടി 'അശുദ്ധൻ അശുദ്ധൻ' എന്നു വിളിച്ചു പറഞ്ഞുകൊണ്ടിരിക്കണം എന്നുണ്ടായിരുന്ന അതേ പ്രമാണം തന്നെയാണ് ഒരു പുലയനോ പറയനോ അന്നു അനുസരിക്കേണ്ടിയിരുന്നത്. 'ഒരു തീണ്ടൽ ദൂരം' എത്ര അടി അകലമാണെന്ന് ക്ലിപ്തപ്പെടുത്തിയിരുന്നില്ലെങ്കിലും തീണ്ടൽ ജാതിക്കാർക്കും സവർണ്ണ ഹിന്ദുക്കൾക്കും അതിനെക്കുറിച്ച് സാമാന്യമായ ഒരു ധാരണയുണ്ടായിരുന്നു. ഒരു 'തീണ്ടൽപ്പാട് അകലം' എന്നത് ഒരു സാധാരണ പ്രയോഗമാണ് ഇന്നും. എന്നാൽ തമിഴ് ബ്രാഹ്മണരോ, വിശേഷിച്ച് മലയാള ബ്രാഹ്മണരായ



നമ്പൂതിരിമാരോ, അതിലും പ്രത്യേകിച്ച് ആഢ്യ ബ്രാഹ്മണരായ ഭട്ടതിരിപ്പാടുകളോ ആയാൽ തീണ്ടലിന്റെ ദൂരം ക്രമാനുസരണം അധികമായിക്കൊണ്ടിരിക്കും. ഭയാനകമായ ഈ നടപടിക്ക് ഒരവസാനം വരുത്തുന്നതിന് ആദ്യകാലങ്ങളിൽ ആദ്യമായി പ്രവർത്തിച്ചിരുന്നത് ക്രൈസ്തവ മിഷനറിമാരായിരുന്നു. മി. തൈൻ വളരെ പ്രാപ്തനായ ഒരു മിഷനറിയായിരുന്നതുകൊണ്ടും സായ്പന്മാർക്ക് അക്കാലത്തുണ്ടായിരുന്ന സ്വാധീനത്തിന്റെ വലിപ്പം നിമിത്തവും ഫലകരമായി പലതും ഇക്കാര്യത്തിൽ ചെയ്യുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. പെട്ടെന്ന് നീക്കിക്കളയാവുന്ന ഒരു ദുരാചാരമായിരുന്നില്ലല്ലോ അത്. എങ്കിലും അയിത്തത്തിന്റെ 'തീണ്ടൽ ദൂരം' അൽപ്പം കുറഞ്ഞു തന്നെ വന്നു. ഇന്ത്യയുടെ വടക്കൻ ഭാഗങ്ങ

ളിൽ ഈ ദുരാചാരത്തിന് ഇന്നും പ്രായോഗിക പ്രാബല്യം ഉണ്ടെന്നാണ് അറിവ്.

അക്കാലങ്ങളിൽ പുലയർക്ക് ചന്തകളിൽ പ്രവേശിച്ചുകൂടായിരുന്നു. ഉയർന്ന ഹിന്ദുക്കൾ, അറിയാതെ തീണ്ടിപ്പോയേക്കുമെന്നുള്ളതുകൊണ്ട്, ചന്തകളിലെ പ്രവേശനം അവർക്ക് നിഷേധിക്കപ്പെട്ടിരുന്നു എന്നു പറഞ്ഞാൽ ഇന്നുള്ളവർക്ക് അത് മനസ്സിലാക്കുവാൻ പ്രയാസമുണ്ടാകും. അവർ കൊണ്ടുവരുന്ന കൃഷിഫലങ്ങൾ ചന്തയോടടുത്ത്, ചന്തയ്ക്ക് വെളിയിലിരിക്കുന്ന ഇടനിലക്കാരാണ് വാങ്ങുക. ആ ഇനത്തിൽ ഈ പാവങ്ങൾ നല്ലൊരു നഷ്ടം സഹിക്കേണ്ടിയിരുന്നതിനു പുറമെ അവർക്ക് ചന്തയിൽ നിന്നും വാങ്ങേണ്ട സാധനങ്ങൾ, പ്രത്യേകിച്ച് ജൗളിത്തരങ്ങൾ ഈ ഇടനിലക്കാർ വാങ്ങിക്കൊണ്ടു വന്ന് കൊടുക്കുന്നതിലും അവർ നഷ്ടം സഹിക്കേണ്ടിയിരുന്നു. അക്കാലത്ത് അങ്കമാലി ചന്തയിൽ രണ്ടു തമിഴ് ബ്രാഹ്മണർക്കു മാത്രമേ ജൗളിക്കച്ചവടമുണ്ടായിരുന്നുള്ളൂ. അവർക്ക് ആലുവായിലും കച്ചവടമുണ്ടായിരുന്നതുകൊണ്ടും ആലുവയിൽ സ്ഥിരതാമസക്കാരായിരുന്നതുകൊണ്ടും ചൊവ്വ, വെള്ളി എന്നീ ചന്തദിവസങ്ങളിൽ അല്ലാതെ അങ്കമാലിയിലും പരിസരങ്ങളിലുമുള്ള ആർക്കും അക്കാലത്ത് തുണിത്തരങ്ങൾ കിട്ടുമായിരുന്നില്ല. ഇതുമൂലം കൂടുതൽ സങ്കടവും നഷ്ടവും അനുഭവിച്ചിരുന്നത് പുലയർ, പറയർ തുടങ്ങിയ അവശസമുദായക്കാരായിരുന്നു. ഈ അനീതിക്ക് ഒരു പരിഹാരമുണ്ടാക്കുന്നതിൽ ഫലകരമായ വിധത്തിൽ പ്രവർത്തിക്കുന്നതിന് മി. തൈനു സാധിച്ചു. അദ്ദേഹം തന്നെ അവരെ ചന്തയിലേക്ക് കൂട്ടിക്കൊണ്ടു വന്നതായിട്ടാണ് എന്റെ ഓർമ്മ. ഇതു സംബന്ധിച്ച് ഒട്ടേറെ എഴുത്തുകുത്തുകൾ ഗവൺമെന്റുമായി അദ്ദേഹം നടത്തിയിട്ടുണ്ട്. വൈക്കം സത്യാഗ്രഹം ആരംഭിക്കുന്നതിന് ഒരു വ്യാഴവട്ടം മുമ്പ് നടന്ന കാര്യങ്ങളാണിവ എന്നുകൂടെ ഓർത്തെങ്കിലേ ഇതിന്റെ പ്രാധാന്യം ശരിക്ക് മനസ്സിലാവുകയുള്ളൂ.

ആദ്യകാല മിഷനറി പ്രവർത്തനങ്ങളുടെ സ്വഭാവത്തെക്കുറിച്ച് ഏതാനും വാക്കുകൾ ഈ കാലഘട്ടത്തിൽ പറയണമെന്ന് കരുതുന്നു. കേരളത്തിലെന്നല്ല, ഇന്ത്യ ഒട്ടുക്കും എന്നു മാത്രവുമല്ല, ലോകത്തിലെവിടെയും നടന്നു വന്ന സുവിശേഷ യത്നങ്ങളിൽ സാധുവർഗ്ഗത്തിന്റെ ആത്മീക കാര്യങ്ങൾക്കെന്ന പോലെ അവരുടെ ശാരീരികവും വിദ്യാഭ്യാസപരവും സാമുദായികവുമായ കാര്യങ്ങളുടെ പുരോഗതിക്കുവേണ്ടിയും പ്രവർത്തിച്ചിരുന്നു. ഇംഗ്ലണ്ടിൽ നിന്നും അക്കാലങ്ങളിൽ മിഷനറിമാരായി പോകുന്നവർക്ക് ആ വക കാര്യങ്ങളിൽ പ്രത്യേക പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ ഉണ്ടായിരുന്നുവെന്നും അങ്ങനെയുള്ള ഒരു സ്ഥാപനത്തിൽ നിന്നാണ് കൊച്ചുസായ്പ് വൈദ്യശാസ്ത്രാഭ്യസനം നടത്തി അങ്കമാലിയിൽ വന്നതെന്നും അറിയാം. ❍


**പുസ്തകം സൗജന്യം**

മറ്റേതൊരു ക്രിസ്തീയ സഭാ വിഭാഗങ്ങളെക്കാളും സവിശേഷതകൾ ഏറെയുള്ള ഒന്നാണ് വേർപാടു/ബ്രദറൺ സഭകൾ. നാം അത് അറിഞ്ഞിരിക്കണം. ബ്രദറൺ റിസർച്ച് ഗ്രൂപ്പ് പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ സൗജന്യമായി ലഭിക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ ഞങ്ങൾക്ക് എഴുതുക.

**Saneesh Cherian, Logos Bhavan,**
Maneed P.O., Ernakulam-686 726, Kerala
e-mail: dr.saneesh@yahoo.com

ഡോ. സനീഷ് ചെറിയാൻ

# സ്ഥലം സഭയും ശിക്ഷണക്രമവും

പാപപങ്കിലമായ ജീവിതത്തിൽ നിന്നും യേശുക്രിസ്തുവിലുള്ള വിശ്വാസത്താലും കൃപയാലും രക്ഷിക്കപ്പെട്ടവരാണല്ലോ സഭാംഗങ്ങൾ. ആത്മീകമായി രക്ഷപ്രാപിച്ചവർ ജഡത്തിൽ തന്നെ ജീവിക്കുന്നതിനാൽ പലവിധ പാപങ്ങളും ജീവിതത്തിൽ കടന്നു കൂടാനുള്ള സാധ്യതയുണ്ട്. മരണകരമായ പാപവും മരണത്തിനല്ലാത്ത പാപവുമുണ്ട് (1 യോഹ. 5:16, 17). രക്ഷിക്കപ്പെട്ടവരുടെ ശരീരം പരിശുദ്ധാത്മാവിന്റെ മന്ദിരമാകയാൽ ആ ശരീരം കൊണ്ട് ദൈവനാമത്തിന്നപമാനം വരുത്തുന്ന വ്യക്തികൾക്കതു മരണഹേതു ആകാം. രോഗഹേതുവായ പാപങ്ങളുമുണ്ട് (1 കൊരി. 11:30). അതേ സമയം തന്നെ പാപങ്ങളെ ഏറ്റുപറയുമ്പോൾ ക്ഷമിക്കുന്ന ഒരു കർത്താവാണ് നമുക്കുള്ളത് (1 യോഹ. 1:7-10; 2:1-2). ഏതു പാപങ്ങൾക്കു ഏതു ശിക്ഷ നൽകണമെന്നതും ക്ഷമിക്കണമെന്നതും ക്രിസ്തുവിന്റെ പരമാധികാരത്തിൽപെട്ട കാര്യമാണ്.

ദൈവത്തിന്റെ സഭയെ പരിപാലിക്കാൻ ദൈവം നിയോഗിച്ചാക്കിയ ശുശ്രൂഷകർക്കും ചില ശിക്ഷണ സ്വാതന്ത്ര്യം തിരുവചനം അനുശാസിക്കുന്നു.

1. പാപം ചെയ്യുന്നവരെ ശേഷമുള്ളവർക്കും ഭയം ഉണ്ടാകേണ്ടതിന്നു പരസ്യമായി ശാസിക്കുക (1 തിമോ. 5:20). എല്ലാ തെറ്റുകളും പരസ്യമായി ശാസിക്കേണ്ടതില്ല. സഭയുടെ സാക്ഷ്യത്തിനും ക്രിസ്തുവിന്റെ നാമത്തിന്നപമാനവുമായിത്തീരാവുന്ന കാര്യങ്ങൾ, ഉപദേശപരമായ പിശകുകൾ എന്നിവയെ പരസ്യമായി ശാസിക്കാം. സഭയെ പരിപാലിക്കാൻ ദൈവം നിയോഗിച്ചാക്കിയ ശുശ്രൂഷകർക്കു വിവേചനവരം ദൈവാത്മാവ് നൽകിയിട്ടുണ്ട്.
2. പക്ഷമായി ചെയ്യരുത് (1 തിമൊ. 5:21). തെറ്റിനോടുള്ള ബന്ധത്തിൽ മുഖപക്ഷം കാണിക്കാനായി പാടില്ല. ശാസിക്കേണ്ട കാര്യങ്ങൾ ശാസിക്കുക തന്നെ വേണം.
3. വേഗത്തിൽ കൈവെക്കരുത് (1 തിമൊ. 5:22). ഒരു വിഷയം കൈകാര്യം ചെയ്യുമ്പോൾ സംയമനം പാലിക്കേണ്ടതുണ്ട്. വേഗത്തിൽ നടപടി എടുക്കാൻ സർവ്വാധികാരം കർത്താവ് നൽകിയതായി വചനത്തിൽ കാണുന്നില്ല. പ്രാർത്ഥനയാലും തിരുവചന വെളിച്ചത്തിലും വേണം അച്ചടക്ക നടപടി എടുക്കാൻ. തന്റെ അധികാരം പ്രകടിപ്പിക്കാനുള്ള വേദിയായോ വ്യക്തി വൈരാഗ്യം തീർക്കാനുള്ള അവസരമായോ ഈ സ്വാതന്ത്ര്യം ദുർവിനിയോഗം ചെയ്യരുത്.

തെറ്റു ചെയ്ത വിശ്വാസി നശിച്ചു പോകണമെന്ന ചിന്തയോടെ പ്രവർത്തിപ്പാൻ പാടില്ലെന്നു ദൈവവചനം കൽപ്പിക്കുന്നു. ഒരുവനാൽ ഒരുവൻ ഒടുങ്ങിപ്പോകരുത്. തെറ്റു ചെയ്ത വിശ്വാസി വിശ്വാസം വിട്ടുഴലുവാൻ ഇടയാകരുത് (ഗലാ. 5:15). തെറ്റു ചെയ്തവനെ ശത്രു എന്നു വിചാരിക്കാതെ അവനെ യഥാസ്ഥാനപ്പെടുത്തണം എന്നതാണ് പ്രമാണം (2 തെസ. 3:15). ആകയാൽ മുൻപു കണ്ടതുപോലെ വ്യക്തിപരമായി ശാസിക്കുകയാണ് ആദ്യപടി. ശാസന കൂട്ടാക്കാഞ്ഞാൽ സഭാശുശ്രൂഷകർ ചേർന്നു തെറ്റിനെ ബോദ്ധ്യപ്പെടു

ത്താം. ശുശ്രൂഷകരെ കൂട്ടാക്കാതെ തെറ്റിൽ തുടർന്നാൽ സഭയുടെ മുമ്പാകെ പരസ്യമായി ശാസിക്കാം. സഭയെയും കൂട്ടാക്കാഞ്ഞാൽ 1 കൊരി. 5:13ൽ പറഞ്ഞപ്രകാരം അദ്ദേഹത്തിനു പാപത്തിൽ നിന്നു മാനസാന്തരം ഉണ്ടാകും വരെ സഭയിൽ നിന്നും മാറ്റി നിർത്താവുന്നതാണ് (1 തെസ. 3:14).

ശുശ്രൂഷകന്മാരുടെ ജീവിതം സാക്ഷ്യമുള്ളതും വചനാനുസൃതവുമായിരിക്കണം. സ്വന്തം കണ്ണിൽ കോലിരിക്കെ വിശ്വാസികളുടെ കണ്ണിലെ കരടിനെതിരെ നടപടിക്കു തുനിയരുത്. സ്വന്തം ജീവിതത്തിലെ തെറ്റ് വിശ്വാസികൾക്ക് ഒരു അനുവാദ ചീട്ടായി തീരാതിരിക്കാനും ശുശ്രൂഷകർ ശ്രദ്ധിക്കണം.

ശുശ്രൂഷകനിൽ സ്ഥാനത്തിനു നിരക്കാത്ത പ്രവൃത്തി ഉണ്ടായാൽ ശുശ്രൂഷയിൽ നിന്നു മാറി നിൽക്കണം. സ്വയം മാറി നിൽക്കാത്ത ശുശ്രൂഷകനെ സഭയ്ക്കു ശുശ്രൂഷയിൽ നിന്നു മാറ്റി നിർത്താം. ദുർന്നടപ്പ്, ഉപദേശ പിശക്, വിശ്വാസത്യാഗം എന്നിവയിൽ സഭാ കൂട്ടായ്മയിൽ നിന്നുതന്നെ പരസ്യമായ തർജ്ജനത്തിലൂടെ മാറ്റി നിർത്താം (കർത്തൃമേശ എന്ന വിഷയത്തോടു ബന്ധപ്പെട്ടു കൂടുതൽ വിശദീകരണം നൽകിയിട്ടുണ്ട്.) ഈ മൂന്നു കാര്യങ്ങളൊഴികെ ഒരു വ്യക്തിയെ കർത്തൃമേശയിൽ നിന്നു മാറ്റി നിർത്താനുള്ള സ്വാതന്ത്ര്യം കർത്താവ് സഭയ്ക്കു നൽകിയിട്ടില്ല.

വിശ്വാസികൾക്കെതിരെയായാലും ശുശ്രൂഷകർക്കെതിരെയായാലും എടുക്കുന്ന അച്ചടക്ക നടപടി വചനാനുസൃതവും സഭയ്ക്ക് ആ വിഷയത്തിൽ ബോദ്ധ്യം വരുത്തുന്നതുമായിരിക്കണം.

സഭ കർത്താവിന്റേതാണ് എന്നും ശുശ്രൂഷകന്മാർ കേവലം ഗൃഹവിചാരകന്മാർ മാത്രമാണെന്നതുമായ വസ്തുത നാം കുറിക്കൊള്ളണം.

ഇന്നു വിശ്വാസികൾക്കും ശുശ്രൂഷകർക്കുമെതിരെ നാം വചന പ്രകാരമാണോ നടപടി സ്വീകരിക്കുന്നത്? അതിൽ മുഖപക്ഷം ഉണ്ടാകുന്നുണ്ടോ? ശിക്ഷണ നടപടിക്കു പിന്നിലെ ചേതോവികാരമെന്ത്? (3 യോഹ. 9, 10) തുടങ്ങിയ കാര്യങ്ങൾ ശോധന ചെയ്യണം.

കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ മാത്രം നടപടി എടുക്കുന്നതും ശരിയല്ല. വ്യക്തമായ അന്വേഷണവും തെളിവുകളും ഉണ്ടാവണം. (1 തിമൊ. 5:19). ശുശ്രൂഷാരംഗത്ത് ശോഭിക്കുന്നവരെ ഒടുക്കിക്കളയുവാൻ ജഡികരായവർ എക്കാലത്തും ശ്രമിച്ചിട്ടുണ്ട്. വ്യക്തമായ തെളിവുകളും ദൈവമുമ്പാകെ ആരോപിതനായ വ്യക്തിയുടെ സാക്ഷ്യപ്പെടുത്തലും, ദൈവവചനാനുസൃതമായ തീരുമാനങ്ങളും ആവശ്യം.


## ബ്രദറൺ വാർത്തകൾ ഇപ്പോൾ വിരൽത്തുമ്പിൽ

സഭാ വാർത്തകൾ, പ്രാർത്ഥനാ വിഷയങ്ങൾ, പ്രവർത്തനങ്ങൾ, മരണവിവരങ്ങൾ തുടങ്ങിയ വാർത്തകൾ ഇപ്പോൾ വിരൽതുമ്പ് അകലത്തിൽ. 25,000 പേർക്ക് ഇ-മെയിൽ വഴിയും 2000 പേർക്ക് തപാൽ വഴിയും ബ്രദറൺ അസംബ്ലി ന്യൂസ് ലഭിക്കുന്നു. ഈ മാധ്യമത്തിൽ വാർത്തകൾ പ്രസിദ്ധീകരിക്കുന്നതിന് ഞങ്ങൾക്ക് എഴുതുക. SMS ആയും വാർത്തകൾ അയയ്ക്കാവുന്നതാണ് - 0949 747 9976. E-mail: BrethrenAssemblyNews@gmail.com

www.BrethrenAssemblyNews.com

മിസസ് ബേബി കുര്യാക്കോസ്

സഹോദരിമാരുടെ പംക്തി

# എനിക്കു ജീവിക്കുന്നതു ക്രിസ്തു

റോമിലെ കാരാഗൃഹത്തിൽ കിടന്നുകൊണ്ട് അപ്പൊസ്തലനായ പൗലോസ് ഫിലിപ്യയിലെ വിശ്വാസികൾക്ക് എഴുതുന്ന ലേഖനത്തിലെ ചില വാക്കുകളാണ് മേലുദ്ധരിച്ചത്. കാരാ ഗൃഹത്തിലെ പ്രയാസങ്ങളോ പാരതന്ത്ര്യമോ തന്നെ ഒട്ടും നിരാശനാക്കിയിട്ടില്ല. നാം ചെയ്യുമായിരുന്നതുപോലെ അതിനെപ്പറ്റി പറയുവാനും വിലപിക്കാനും ഒരു വാക്കും പൗലോസ് ഉപയോഗിച്ചിട്ടില്ല. പിന്നെയോ പ്രത്യാശയുടെയും സന്തോഷത്തിന്റെയും വാക്കുകളാൽ സഹവിശ്വാസികളെ ധൈര്യപ്പെടുത്തുവാൻ പൗലോസ് പരിശ്രമിക്കുകയാണ്. മാനുഷികമായ ഒരു കഷ്ടതയ്ക്കും കർത്താവായ യേശു ക്രിസ്തുവിങ്കലെ ദൈവസ്നേഹത്തിൽ നിന്ന് തന്റെ ദാസനെ പിൻതിരിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. ഫിലിപ്യയിലെ വിശ്വാസികൾ അതു നേരിൽ കണ്ടവരാണ്. അവശരായി ദേഹമാകെ മുറിവുകളും ചതവുകളും നിറഞ്ഞ് ഫിലിപ്യയിലെ കാരാഗൃഹത്തിൽ കിടന്ന പൗലോസിനെയും ശീലാസിനെയും അവർക്കു മറക്കുവാൻ കഴിയുകയില്ല. ഫിലിപ്യയിലെ കാരാഗൃഹം! ശാപത്തിന്റെയും നിരാശയുടെയും വാക്കുകളേ അവിടെ കേട്ടിട്ടുള്ളു. എന്നാൽ ഒരുനാൾ സ്തോത്രത്തിന്റെയും സ്തുതികളുടെയും ഗാനങ്ങളാൽ ആ അന്തരീക്ഷം മുഖരിതമായി. പാരതന്ത്ര്യത്തിന്റെ ചങ്ങലകൾ പൊട്ടിച്ചിതറി. കാരാഗൃഹപ്രമാണിയും കുടുംബവും ക്രിസ്തുവിൽ വിശ്വസിപ്പാൻ അതു കാരണമായി. ഇന്നിതാ റോമിലെ കാരാഗൃഹത്തിൽ കിടന്നുകൊണ്ട്, പ്രത്യാശയുടെയും സന്തോഷത്തിന്റെയും സന്ദേശങ്ങളാൽ അവരെ ഉത്തേജിപ്പിക്കുവാൻ പൗലോസ് ഉത്സാഹിക്കുന്നു.



ക്രിസ്ത്യാനികളുടെ നേരെ കൊലയും ഭീഷണിയും നിശ്വസിച്ചവൻ, അവരെ കൊന്നു മുടിക്കുന്നതിൽ ദൈവപ്രസാദം ദർശിച്ചിരുന്നവൻ, ഇന്നിതാ ജീവിക്കുന്നത് ക്രിസ്തുവിന്. മരിക്കുന്നതു ലാഭം എന്നു പറയുവാൻ തക്കവണ്ണം വ്യത്യാസം പ്രാപിച്ചിരിക്കുന്നു. ദമസ്കോസിന്റെ പടിവാതില്ക്കൽ വെച്ച് താൻ ഉപദ്രവിക്കുന്ന യേശുവിനെ കണ്ട ആ ദിവസം മുതൽ പൗലോസിന്റെ ജീവിത ഒഴുക്കിന് ഒരു വ്യത്യാസം വന്നു. താൻ ഉപദ്രവിക്കുന്ന യേശുവിനെ അവൻ കണ്ടപ്പോൾ ക്രൂശിലെ യാതനകളോടെ അവനെ കണ്ടു എന്നു ഞാൻ കരുതുന്നു. അവൻ ഉപദ്രവിക്കുന്ന യേശു അവനുവേണ്ടി ഉപദ്രവം ഏറ്റവനാണെന്ന് – കഷ്ടാനുഭവങ്ങളിൽ തികഞ്ഞവനാണെന്ന്, മനസ്സിലാക്കിയപ്പോൾ ആ സ്നേഹത്തിന്റെ മുമ്പിൽ ലാഭമായിരുന്നതെല്ലാം ഒന്നുമില്ലാത്തതും ചവറും എന്നെണ്ണുവാൻ അവനു കഴിഞ്ഞു. ഇനി എനിക്കു ജീവിക്കുന്നതു ക്രിസ്തു! രക്തസാക്ഷി മരണത്തിനു ആ ക്രൂശിന്റെ പടയാളി ഏല്പിക്കപ്പെടുന്നതുവരെയും വിശ്രമം എന്തെന്നറിയാതെ, ജീവിതത്തിലെ സുഖം

ആഗ്രഹിക്കാതെ ലോകത്തിന്റെ നേട്ടങ്ങൾ ആശിക്കാതെ ആ ജീവിതം കർത്താവിനായി മാത്രം പ്രകാശിച്ചു. കർത്താവിനെ മാത്രം പ്രദർശിപ്പിച്ചു. കർത്താവിൽ മാത്രം പ്രശംസിച്ചു.

ക്രൂശിന്റെ ദർശനം ലഭിച്ച ശതാധിപൻ നീ സാക്ഷാൽ ദൈവപുത്രൻ എന്നു ഏറ്റുപാടി. രഹസ്യ ശിഷ്യനായിരുന്ന അരിമത്യയിലെ യോസേഫിന് തന്റെ ഉന്നതസ്ഥാനവും മഹത്വവും പിടിച്ചുവെയ്ക്കുവാൻ കഴിഞ്ഞില്ല. ക്രൂശിലെ ശാപമരണം സഹിച്ച നസറായന്റെ ശവശരീരം ഏറ്റുവാങ്ങുവാൻ അവൻ ധൈര്യത്തോടെ മുമ്പോട്ടു വന്നു. കർത്താവിന്റെ അടുക്കൽ രാത്രിയിൽ വരുവാൻ മാത്രം ധൈര്യപ്പെട്ട നിക്കോദെമോസും മൂറും അകിലും അവന്റെ ശരീരത്തിൽ പൂശുവാനുള്ള വെമ്പലോടെ ഓടി വരികയാണ്. ആ ദർശനം ലഭിച്ച ആർക്കും മറഞ്ഞിരിക്കുവാൻ കഴിഞ്ഞില്ല. സാക്ഷികളുടെ വലിയൊരു സമൂഹം ജീവിക്കുന്നതു ക്രിസ്തു എന്നു ഏറ്റു പറഞ്ഞുകൊണ്ട് വിവിധ പീഢനങ്ങളും മരണവും സഹിച്ച് ക്രൂശിലെ നേതാവിനെ അനുഗമിച്ചു. ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങൾക്കു പങ്കുള്ളവരായിത്തീർന്നതിൽ സന്തോഷിച്ചു. ഇവർ ചെയ്യുന്നത് ഇന്നതെന്ന് അറിയായ്കകൊണ്ട് ഇവരോടു ക്ഷമിക്കണമേ എന്ന് ഒരിക്കൽ മുഴങ്ങിക്കേട്ട പ്രാർത്ഥനയിൽ റോമാ പടയാളികൾ നിർജ്ജീവരായി. നാളുകൾ ഏറെ കഴിഞ്ഞില്ല, ചീറിവന്ന കരിങ്കൽ കഷണങ്ങളാൽ ശരീരം ചീന്തപ്പെട്ട് ഇഞ്ചിഞ്ചായി മരിച്ചു കൊണ്ടിരുന്ന സ്തെഫാനോസ് ആ പ്രാർത്ഥന ആവർത്തിച്ചു. അവർക്കു ഈ പാപം നിർത്തരുതേയെന്ന്! റോമിലും റഷ്യയിലും ചൈനയിലും കൊറിയായിലും ലോകത്തിന്റെ വിവിധ സ്ഥാനങ്ങളിൽ 20 നൂറ്റാണ്ടുകളായി കൊടും യാതനകൾക്കും കഠിന മരണത്തിനും വിധിക്കപ്പെട്ട ക്രൂശിന്റെ പടയാളികൾ ആ പ്രാർത്ഥന ഏറ്റുപാടി, ഇന്നും വിവിധ സ്ഥാനങ്ങളിൽ അതു മാറ്റൊലി കൊണ്ടേയിരിക്കുന്നു. അവർ എല്ലാവരും ഒന്നിച്ചു പറഞ്ഞു. എനിക്കു ജീവിക്കുന്നതു ക്രിസ്തു! അതുകൊണ്ട് മരണം അവരുടെ മുമ്പിൽ ലാഭമായിരുന്നു.

പ്രിയപ്പെട്ട സഹോദരിമാരെ, എനിക്കു ജീവിക്കുന്നതു ക്രിസ്തു എന്നു പറഞ്ഞുകൊണ്ടു അവനായി സമർപ്പിക്കുവാൻ നമുക്കു കഴിഞ്ഞിട്ടുണ്ടോ? ഇന്നു നമുക്കു ജീവിതത്തിന്റെ ലക്ഷ്യവും ലാക്കും എന്താണ്? കർത്താവിനായി നാം ജീവിക്കുന്നുവോ? നമുക്കായിത്തന്നെ ജീവിക്കുന്നുവോ? ഗലാത്യ വിശ്വാസികളോട് പൗലോസ് ആവേശത്തോടെ ചോദിക്കുന്നു. ക്രിസ്തു യേശു ക്രൂശിക്കപ്പെട്ടവനായി നിങ്ങളുടെ കണ്ണിനു മുമ്പിൽ വരച്ചുകിട്ടിയിരിക്കെ നിങ്ങളെ ക്ഷുദ്രം ചെയ്തു മയക്കിയതാര്? നാം മയങ്ങിയിരിക്കുകയാണോ? മരിച്ചവരുടെയിടയിൽ ഉറങ്ങുകയാണോ? നാം ഉണരേണ്ടിയിരിക്കുന്നു. എങ്ങനെ സാധിക്കും! ക്രൂശിക്കപ്പെട്ടവന്റെ ദർശനം നമ്മുടെ കണ്ണുകൾക്കു മുമ്പിൽ സജീവമായിരുന്നു എങ്കിൽ നാം വ്യത്യാസപ്പെടുമായിരുന്നു. ആ ദർശനത്തിൽ എത്രയെത്ര ജീവിതങ്ങൾ വ്യത്യാസപ്പെട്ടു എന്നു വിവരിക്കാനാവില്ല. ആ സ്നേഹത്തിന്റെ ഉറവിടം ക്രൂശിൽ ദർശിച്ച ആർക്കും ആ സ്നേഹത്തിന്റെ മുമ്പിൽ തങ്ങളെത്തന്നെ സമർപ്പിക്കാതിരിക്കാൻ കഴിഞ്ഞിട്ടില്ല. ഒരിക്കൽ ആതൻസിന്റെ തെരുവീഥിയിൽകൂടി ഒരു ചെറുപ്പക്കാരൻ നടന്നുപോകുകയായിരുന്നു. ഒരു ദേവാലയ ഭിത്തിയിൽ വരച്ചിരുന്ന ചിത്രം അവനെ ആകർഷിച്ചു. ക്രൂശിക്കപ്പെട്ട ഒരു യുവ ശരീരം! ആ ശിരസ് സ്വന്തം തോളിൽ ചായിച്ചു ചരിഞ്ഞു കിടന്നിരുന്നു. മുൾമുടി അടിച്ചിറക്കിയ മുറിവുകളിൽ നിന്നു ഒഴുകിയ രക്തത്താൽ കട്ടപിടിച്ച മുഖം. രോമം പറിച്ചും തുപ്പൽ ഒഴുക്കിയും കൂടുതൽ വിരൂപമാക്കപ്പെട്ടിരുന്നു. ഉഴവുചാലുകൾ പോലെ നീളത്തിൽ കീറപ്പെട്ടിരുന്ന ആ ശരീരം ആകെ തകർന്നും

ശേഷം പേജ് 1[illegible]ൽ

കഥയും കാര്യവും

# വിവേകമുള്ള ഹൃദയം

പണ്ട് പണ്ട്, എന്നു വച്ചാൽ വളരെ പണ്ട്, ഒരു രാജാവുണ്ടായിരുന്നു. ആ രാജാവിന്റെ പേരെന്താണെന്നറിയാമോ? ദാവീദ് രാജാവ്. അദ്ദേഹം വളരെ നല്ലവനും സമർത്ഥനുമായ ഒരു രാജാവായിരുന്നു. ദൈവത്തിനും മനുഷ്യർക്കും വളരെയധികം ഇഷ്ടമുള്ള ഒരു രാജാവായിരുന്നു അദ്ദേഹം.

ദൈവം ദാവീദ് രാജാവിന് ഒരു മകനെ കൊടുത്തു. ആ മകന്റെ പേരാണ് ശലോമോൻ. തന്റെ പിതാവിനെപ്പോലെ വളരെ ദൈവഭയമുള്ള ആളായിരുന്നു ശലോമോൻ. ദൈവത്തിന്റെ ഇഷ്ടപ്രകാരം ജീവിച്ചതു കൊണ്ട് ശലോമോനെയും ദൈവം ഏറെ ഇഷ്ടപ്പെട്ടിരുന്നു.

അന്നൊക്കെ ദൈവം തന്റെ ഭക്തന്മാർക്ക് സ്വപ്നത്തിലൂടെ കാര്യങ്ങൾ പറഞ്ഞു കൊടുക്കുമായിരുന്നു. അങ്ങനെയിരിക്കെ ദാവീദ് രാജാവിന് വയസ്സായി. എല്ലാവരേയും പോലെ അദ്ദേഹവും മരിച്ചുപോയി. പിന്നീട് രാജ്യം ഭരിക്കേണ്ടത് തന്റെ മകനായ ശലോമോനായിരുന്നു. അധികാരം കയ്യിൽ വന്നപ്പോൾ ശലോമോൻ പേടിച്ചുപോയി. ഇത്ര വലിയ ജനത്തെ എങ്ങനെ നേരോടെ ഭരിക്കുമെന്നോർത്ത് ശലോമോൻ വിഷമിച്ചു.

എന്നാൽ ദൈവത്തിൽ വിശ്വസിച്ചിരുന്ന ശലോമോൻ തന്റെ വിഷമം ദൈവത്തോടു പറഞ്ഞു. ദൈവം സ്വപ്നത്തിലൂടെ ശലോമോനോടു സംസാരിച്ചു. എന്തു വരം വേണമെങ്കിലും ചോദിച്ചു കൊള്ളാൻ ദൈവം പറഞ്ഞു. ശലോമോൻ തനിക്ക് ഏറ്റവും അത്യാവശ്യമായ ഒരു വരം ചോദിച്ചു. അതെന്താണെന്നറിയാമോ? ‘‘ഗുണവും ദോഷവും തിരിച്ചറിഞ്ഞ് നിന്റെ ജനത്തിന് ന്യായപാലനം ചെയ്യുവാൻ. വിവേകമുള്ള ഹൃദയം എനിക്കു തരേണമേ”

ശലോമോന്റെ പ്രാർത്ഥന ദൈവത്തിന് ഏറെ ഇഷ്ടപ്പെട്ടു. വിവേകത്തോടൊപ്പം സമ്പത്തും മഹത്വവും ധാരാളമായി നൽകി. തന്റെ പിതാവിനെപ്പോലെ ദൈവകല്പന അനുസരിച്ചു നടന്നാൽ ദീർഘായുസ്സും നല്കുമെന്ന് ദൈവം പറഞ്ഞു. അങ്ങനെ ആഗ്രഹിച്ചതിലും അധികമായി ദൈവത്തിൽ നിന്നും അനുഗ്രഹങ്ങൾ ലഭിച്ച ശലോമോൻ ഒരു ഉത്തമനായ ഭരണാധികാരിയായിരുന്നു.

കുഞ്ഞുങ്ങളെ, ശലോമോൻ രാജാവിന്റെ കഥ നിങ്ങൾക്കിഷ്ടമായോ? കുഞ്ഞുങ്ങളായ നിങ്ങൾ വളരുന്നത് തെറ്റുകളിലേക്ക് മാടി വിളിക്കുന്നവരുടെ കൂട്ടത്തിലാണ്. നിങ്ങൾ ഓരോ സമയത്തും എടുക്കുന്ന തീരുമാനങ്ങൾക്ക് ദൈവകൃപ വളരെയധികം ആവശ്യമാണ്. മാതാപിതാക്കളോടോ സഹോദരങ്ങളോടോ സമൂഹത്തോടോ വാശി കാണിച്ച് തെറ്റായ തീരുമാനങ്ങൾ എടുത്താൽ ഒരിക്കലും ദൈവപൈതൽ എന്ന സന്തോഷവും സമാധാനവും നമുക്ക് അനുഭവിക്കുവാൻ സാധിക്കില്ല. അത് നമ്മുടെ നാശത്തിന് വഴി തെളിക്കും. അതുകൊണ്ട് ദൈവത്തോട് പ്രാർത്ഥിച്ച് വിവേകത്തോടു കൂടി വേണം ദൈവപൈതലായ നിങ്ങൾ എവിടെയും തീരുമാനമെടുക്കുവാൻ. അങ്ങനെ ചെയ്താൽ ശലോമോൻ രാജാവിന്റെ കാര്യത്തിലെന്നപ്പോലെ എല്ലാവരും പറയും നിങ്ങൾ വിവേകമുള്ളവരെന്ന്. (എം.എസ്.)

*എനിക്കു ജീവിക്കുന്നത് 10-ാം പേജിൽ നിന്ന്*

മാംസം പറിഞ്ഞു തൂങ്ങിയും കാണപ്പെട്ടു. കൈകാലുകൾ ആണിയിൽ തൂങ്ങി നിന്നിരുന്ന ആ രൂപത്തിന്റെ വിലാവിൽ കുത്തിത്തുറക്കപ്പെട്ട മുറിവിൽനിന്നും രക്തവും വെള്ളവും അപ്പോഴും ഒഴുകിക്കൊണ്ടിരിക്കയാണോ എന്നു തോന്നുമായിരുന്നു. ആ ചിത്രത്തിന്റെ ചുവട്ടിൽ എഴുതിയിരുന്ന വരികൾ അവൻ വായിച്ചു. മകനെ, ഇതെല്ലാം ഞാൻ നിനക്കു വേണ്ടി സഹിച്ചു. എനിക്കുവേണ്ടി നീ എന്തു ചെയ്തു? തകർന്ന ഹൃദയത്തോടെ ഉതിർന്ന കണ്ണീർ കണങ്ങളോടെ ആ ചെറുപ്പക്കാരൻ തന്നെത്തന്നെ ആ കർത്താവിനു സമർപ്പിച്ചു. എനിക്കു ജീവിക്കുന്നതു ക്രിസ്തു എന്നു പറഞ്ഞുകൊണ്ട് സാക്ഷികളുടെ സമൂഹത്തിൽ അവനും ചേർന്നു.

പ്രിയ സഹോദരിമാരെ, നമുക്കായി മരിച്ചവനെ അവന്റെ കഷ്ടാനുഭവങ്ങളോടെ നമുക്ക് ഒന്നു ദർശിക്കാം. നമ്മെ സ്നേഹിച്ച് നമുക്കായി തന്നെത്താൻ ഏല്പിച്ചുതന്ന കർത്താവിനായി ജീവിപ്പാൻ നമുക്കു ഉത്സാഹിക്കാം. നമ്മുടെ കർത്താവും താമസംവിനാ പ്രത്യക്ഷനാകും. അവനായി ജീവിക്കുന്നവർ അവനോടുകൂടെ വാഴും. ക്ഷ്ടം സഹിക്കുന്നവർ അവനോടുകൂടെ തേജസ്ക്കരിക്കപ്പെടും. നിത്യതയുടെ പൊൻപുലരിയിൽ വീണ്ടെടുപ്പിൻ ഗാനങ്ങൾ പാടിക്കൊണ്ട് രക്ഷകനിൽ നിന്നും പ്രതിഫലങ്ങൾ ഏറ്റുവാങ്ങും. കർത്താവിനായി ജീവിപ്പാൻ ഈ ചിന്ത നമ്മെ സഹായിക്കട്ടെ. എനിക്കു ജീവിക്കുന്നതു ക്രിസ്തു എന്നു ഏറ്റുപറയുവാൻ നമുക്കും ഇടയാകട്ടെ. ❍

*പ്രാണിക് ഹീലിങ്ങ് 4-ാം പേജിൽ നിന്ന്*

വിശദീകരിച്ചിട്ടുണ്ട്. സൂയിയുടെ ഗ്രന്ഥം കൈവശമുള്ളവർ പരിശോധിക്കുന്നതു സഹായകരമായിരിക്കും).

ബാല്യം മുതൽ തന്നെ ഹഠയോഗ, മാന്ത്രിക പ്രതിഭാസങ്ങൾ, ചൈനീസ് കികുങ് മന്ത്രവാദം, മറ്റു പല രീതിയിലുള്ള അതിഭൗതിക പ്രതിഭാസങ്ങളൊക്കെ സൂയിയെ വളരെ ആകർഷിച്ചു. അതുകൊണ്ട് നിഗുഢ (സാത്താന്യ) ശാസ്ത്രങ്ങളെക്കുറിച്ചു പഠിക്കുവാൻ താൻ 18 വർഷങ്ങൾ ചിലവഴിച്ചു. ഭൂതങ്ങളുമായിട്ടു സമ്പർക്കമുള്ള ചില വ്യക്തികളും, മാന്ത്രികദൃഷ്ടിയുള്ള മറ്റനേകരും തന്നേ ഈ അന്വേഷണത്തിൽ സഹായിച്ചു. ഇതിൽകൂടെയെല്ലാം ലഭിച്ച ''നിഗൂഢ'' ജ്ഞാനത്തിന്റെ സാരത്തിനെയാണ് താൻ “പ്രാണിക് ഹീലിങ്ങ്” എന്ന് നാമകരണം ചെയ്തത്.

അങ്ങനെ പ്രാചീനകാലത്തെ നിഗുഢ വിദ്യകളും (മന്ത്രവാദവും) രഹസ്യവിദ്യകളും ഫിലിപ്പിയൻസിൽ ഒരു “ആധുനിക” ചികിത്സാ സമ്പ്രദായമായി മാറി. താമസമെന്യേ സൂയിയുടെ “വേൾഡ് പ്രാണിക് ഹീലിങ്ങ് ഫൗണ്ടേഷൻ” ആഗോളവ്യാപകമായി ഈ വിദ്യ പ്രചരിപ്പിച്ചു തുടങ്ങി. ഒരു കത്തോലിക്ക കന്യാസ്ത്രീയാണ് ഇത് ആദ്യമായിട്ട് ഭാരതത്തിൽ പ്രചരിപ്പിച്ചത്.

ഇന്ന് നമ്മുടെ രാഷ്ട്രത്തിന്റെ മിക്ക ഭാഗങ്ങളിലും ഈ വിദ്യ എത്തിച്ചേർന്നിട്ടുണ്ട്. കോട്ടയത്തുള്ള കേന്ദ്രം സഹിതം ഭാരതത്തിലെ എല്ലാ കേന്ദ്രങ്ങളിലുമായി ഏകദേശം 15,000 വ്യക്തികളെ ഇതിൽ പരിശീലിപ്പിച്ചിട്ടുണ്ട്. കോട്ടയം കേന്ദ്രത്തിൽ കൂടി ചില “വേർപെട്ട” വിശ്വാസികളും പരിശീലനം നേടി. ഇവരിൽ ഭൂരിപക്ഷവും ഈ വിദ്യ ഉപേക്ഷിച്ചെങ്കിലും ചുരുക്കം ചിലരെങ്കിലും ഇന്നും ഇതിനോടു കൂറു പുലർത്തുന്നുണ്ട്. വേർപെട്ട വിശ്വാസികൾ പൂർണ്ണ സത്യം അറിഞ്ഞാൽ മാത്രമേ അവർക്ക് ഇവരുടെ മോഹവലയത്തിൽ നിന്നും ചക്കരവാക്കുകളിൽ നിന്നും രക്ഷപ്പെട്ടു നിൽക്കുവാൻ സാധിക്കൂ. (തുടരും)

# ബ്രദറൺ തിയോളജിക്കൽ കോളേജ് പ്രവർത്തനം ആരംഭിച്ചു

## വചനത്തിന്റെ പൊരുൾ തിരിച്ചു നൽകുക

എം. എം. സഖറിയ



തിരുവെഴുത്തു ക്രമീകൃതമായി പഠിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതിലൂടെയാണ് സത്യ ഉപദേശങ്ങൾ സ്ഥാപിക്കപ്പെടുന്നത്. വേർപാടു സഭകളുടെ പ്രത്യേകത വചനം ശരിയായി വിഭജിച്ചു പഠിപ്പിക്കുന്നു എന്നതാണ്. ക്രമീകൃതമായ വചന പഠനത്തിലും വ്യാഖ്യാനത്തിലും വന്ന കുറവുകൾ നിമിത്തം ബഹുവിധ ഉപദേശങ്ങൾ സഭയിലേക്കു കടന്നുവരുന്നു. വചനത്തിന്റെ പൊരുൾ തിരിച്ചു നൽകുന്നതിൽ ബൈബിൾ സ്കൂളുകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. സഭാ പരിപാലനരംഗത്തും സുവിശേഷപ്രവർത്തനരംഗത്തും നിർണ്ണായകസ്ഥാനം ബൈബിൾ സ്കൂളിൽ പഠനം നടത്തിയവർ വഹിക്കുന്നതിനാൽ വചനം വസ്തുനിഷ്ഠമായും ക്രമീകൃതമായും പഠിപ്പിക്കുന്നതിന് ബ്രദറൺ ബൈബിൾ സ്കൂളുകൾ പ്രത്യേകം ഊന്നൽ നൽകണം. കല്ലിശ്ശേരിയിൽ 2011 ആഗസ്റ്റ് 7-നു ബ്രദറൺ തിയോളജിക്കൽ കോളേജ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

## നിയോഗം പ്രാപിച്ചവർ പ്രവർത്തിക്കണം

എബ്രഹാം ചെമ്പോല



ആത്മീക ശുശ്രൂഷകൾക്ക് നിയോഗം പ്രാപിച്ചവർ അതു നിറവേറ്റുവാൻ ബാധ്യസ്ഥരാണ്. എതിർപ്പുകൾ ഉണ്ടാവുന്നത് ആത്മീക രംഗത്ത് പുതുമയുള്ള കാര്യമല്ല. അതുകൊണ്ട് നമുക്ക് ലഭിച്ച നിയോഗത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് മുന്നേറുകയാണ് ആവശ്യം. സുവിശേഷീകരണരംഗത്ത് നിർണ്ണായക പങ്കുവഹിക്കുന്ന സ്ഥാപനങ്ങളാണ് ബൈബിൾ കോളേജുകൾ. ഇനിയും ബൈബിൾ സ്കൂളുകൾ ഉണ്ടാകുന്നത് കേരളത്തിലെ ബ്രദറൺ സഭകൾക്കും ഭാരത സുവിശേഷീകരണത്തിനു തന്നെയും ഒരു മുതൽക്കൂട്ടാണ്. 2011 ആഗസ്റ്റ് 7നു ബ്രദറൺ തിയോളഗിക്കൽ കോളേജിന്റെ ഉദ്ഘാടനചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. യുവാക്കളെ വചനം അഭ്യസിപ്പിച്ച് സുവിശേഷ പോർക്കളത്തിലേക്ക് അയയ്ക്കുവാൻ കല്ലിശ്ശേരിയിലെ ദൈവജനത്തിന് ഉണ്ടായ ദർശനം എത്രയും പ്രശംസനീയമാണെന്നും അദ്ദേഹം പറഞ്ഞു.

## ഭാരത സുവിശേഷീകരണം ഞങ്ങളുടെ ലക്ഷ്യം

**പ്രൊഫ. ജേക്കബ് തോമസ്**



കേരളത്തിലെ ബ്രദറൺ സഭാ ചരിത്രത്തിൽ സുപ്രധാന സ്ഥാനം കല്ലിശ്ശേരിക്കുണ്ട്. ആകയാൽ കല്ലിശ്ശേരിയിൽ ബ്രദറൺ സഭാ വിശ്വാസികൾക്ക് വേർപാടു സത്യങ്ങളും അടിസ്ഥാന വേദോപദേശങ്ങളും പരിശീലിപ്പിക്കുന്ന ഒരു സ്ഥാപനം ഉണ്ടാവണം എന്നത് ഒരു ആവശ്യം തന്നെ എന്ന് ദൈവാത്മാവ് ഞങ്ങൾക്ക് തന്ന ബോദ്ധ്യമാണ് ബ്രദറൺ തിയോളജിക്കൽ കോളെജിന്റെ ആരംഭത്തിനു പിന്നിലുള്ളത്. ബ്രദറൺ യുവാക്കൾക്ക് മാത്രം പ്രവേശനം നൽകി വേർപാട് സത്യങ്ങളുടെ വ്യാപനത്തിനായി നിലകൊള്ളുക എന്നതാണ് ബി.ടി.സി.യുടെ പ്രഖ്യാപിത ലക്ഷ്യം. വടക്കേ ഇന്ത്യയിലെ സുവിശേഷീകരണത്തിനു ഉതകുന്ന നിലയിൽ പരിശീലനം നൽകുന്നതിലും ബി.ടി.സി. പ്രത്യേകം ഊന്നൽ നൽകുന്നു. ഈ വർഷം 11 ബ്രദറൺ യുവാക്കളാണ് പ്രവേശനം നേടിയിട്ടുള്ളത്. കൂടുതൽ അപേക്ഷകൾ വന്നെങ്കിലും സ്ഥലപരിമിതിമൂലം പ്രവേശനം നൽകാൻ സാധിച്ചില്ല. 3 വർഷത്തെ ബി.ടി.എച്ച്. കോഴ്സാണ് ബി.ടി.സി. നടത്തുന്നത്. ദൈവജനത്തിന്റെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

## ബൈബിൾ സ്ക്കൂളുകൾ ഇന്ത്യയുടെ ആവശ്യം

**ഏബ്രഹാം തോമസ്, കൊച്ചി**



നൂറ്റി ഇരുപതു കോടി ജനങ്ങളുള്ള ഭാരതത്തിൽ സുവിശേഷത്തിന്റെ സന്ദേശവുമായി പോകുന്നതിന് അഭ്യസ്തവിദ്യരായ യുവജനങ്ങൾ കാലഘട്ടത്തിന്റെ ആവശ്യമാണ്. കർത്താവ് തന്റെ ശിഷ്യന്മാർക്ക് മൂന്നര വർഷക്കാലത്തെ പരിശീലനം നൽകിയതിനു ശേഷമാണ് പ്രേഷിതപ്രവർത്തനത്തിന് അയച്ചത്. അവരുടെ പ്രവർത്തനം ഫലമണിഞ്ഞതു ആ പരിശീലനം കൊണ്ടുതന്നെ.

ഭാരത സുവിശേഷീകരണത്തിൽ നിർണ്ണായക പങ്കുവഹിക്കുന്ന ബ്രദറൺ സമൂഹത്തിനും ശരിയായ ശിഷ്യത്വ പരിശീലന സ്ഥാപനങ്ങൾ ആവശ്യമാണ്. ആ ലക്ഷ്യത്തിൽ നിർണ്ണായക പങ്കുവഹിക്കുവാൻ ബ്രദറൺ തിയോളജിക്കൽ കോളേജിനു സാധിക്കും. കോളേജ് അധ്യാപനരംഗത്ത് മികച്ച അനുഭവസമ്പത്തുള്ള പ്രിൻസിപ്പാളും പ്രസിഡന്റും ആ പ്രതീക്ഷ നമുക്കു നൽകുന്നു. ബ്രദറൺ തിയോളജിക്കൽ കോളേജിന്റെ (കല്ലിശ്ശേരി) ഉത്ഘാടന വേളയിൽ അധ്യാപകരെ പ്രതിനിധീകരിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

വടക്കേ ഇന്ത്യയിൽ, കേരളത്തിൽ നിന്നും കടന്നുചെന്നു പ്രവർത്തിക്കുന്നതിലെ സങ്കീർണ്ണത പരിഹരിക്കുന്നതിന് അവിടുള്ള നമ്മുടെ യുവവിശ്വാസികളെ വചനം അഭ്യസിപ്പിച്ചാൽ കൂടുതൽ ഫലകരമായ സുവിശേഷീകരണം നടക്കുമെന്നും, ആ ലക്ഷ്യത്തിലേക്ക് പ്രതിജ്ഞാബദ്ധരായ, മുപ്പതോളം അധ്യാപകരാണ് ബി.ടി.സി.യിൽ ശുശ്രൂഷകൾ ചെയ്യുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.